

# സഭ പ്രേഷിത സമൂഹം

സീറോ മലബാർ സഭയുടെ വിശ്വാസ

പരിശീലന പാഠാവലി.

10

## പാഠം 3

# ആദിമസഭയുടെ


# പ്രേഷിത ചൈതന്യം





സഭയെ രക്ഷയുടെ മാർഗ്ഗമായും വിശ്വാസികളുടെ കൂട്ടായ്മയായും അപ്പസ്തോലപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു (അപ്പ.16:17,9:2).

പിതാവിന്റെ സന്നിധിയിൽ മനുഷ്യർക്ക് പ്രവേശനം ലഭിക്കുന്നത് ഈശോമിശിഹായിലൂടെയാണ് (യോഹ. 14:6). അതിനാൽ ഈശോ നമുക്ക് രക്ഷയുടെ മാർഗ്ഗമാണ്. ഈശോയുടെ തുടർച്ചയായ സഭയും രക്ഷയുടെ മാർഗ്ഗമാണ്.



# സുവിശേഷം ശ്രവിച്ച സമൂഹം

ദൈവവചനം ശ്രവിക്കുന്നതിൽ ആദിമ ക്രൈസ്തവർ സദാ തല്പരരായിരുന്നു. ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിയ്ക്കൽ, പ്രാർത്ഥന എന്നിവയിൽ താല്പര്യപൂർവ്വം അവർ പങ്കുചേർന്നു.

ഈശോമിശിഹായിലൂടെ ദൈവം നൽകുന്ന നിത്യരക്ഷയായിരുന്നു ശ്ലീഹന്മാരുടെ പ്രബോധനത്തിന്റെ പ്രധാന ഉള്ളടക്കം.



# സുവിശേഷാനുസൃതം ജീവിച്ച സമൂഹം

സുവിശേഷത്താൽ ആകൃഷ്ടരായവർ ഒരു കൂട്ടായ്മ യായി. വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമാ യിരുന്നു (അപ്പ. 4:32). തങ്ങളേയും തങ്ങൾക്കുള്ളതും പൂർണ്ണ മായി സമൂഹത്തിനും, സമൂഹത്തിലെ ഓരോ അംഗത്തിനും വേണ്ടി സമർപ്പിച്ചപ്പോഴാണ് ഈ കൂട്ടായ്മ പ്രകടമായത്.

സഭയെ സഭയാക്കുന്നത് ഈശോമിശിഹായോടും സഭാംഗ ങ്ങൾ തമ്മിൽതമ്മിലുമുള്ള കൂട്ടായ്മയാണ്.

# അപ്പം മുറിക്കൽ
# ശക്തികേന്ദ്രമാക്കിയ സമൂഹം

വിശ്വാസത്തിലൊന്നുചേർന്ന സഭാസമൂഹത്തിന്റെ യഥാർത്ഥ ശക്തികേന്ദ്രം അപ്പം മുറിക്കൽ ശുശ്രൂഷയായിരുന്നു. ഏക മനസ്സോടും നിഷ്കളങ്ക ഹൃദയത്തോടും ആഹ്ലാദത്തോടുംകൂടിയാണ് അവർ അതിൽ പങ്കുചേർന്നിരുന്നത്.

# പ്രാർത്ഥിക്കുന്ന സമൂഹം

സുവിശേഷാനുസൃതം ജീവിച്ച  ആദിമസഭയിൽ,  മിഴിവാർന്നു നിന്ന സവിശേഷതയായിരുന്നു അവരുടെ പ്രാർത്ഥനാജീവിതം. യഹൂദരുടെ പ്രാർത്ഥാജീവിത മാതൃകകളാണ് ആദിമ ക്രൈസ്തവരും സ്വീകരിച്ചിരുന്നത്. ദിവസത്തെ മുഴുവൻ വിശുദ്ധീകരിക്കുവാൻ വിവിധ യാമങ്ങളിൽ അവർ പ്രാർത്ഥിച്ചിരുന്നു. ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ പീഢിപ്പിക്കപ്പെട്ടപ്പോഴും വിശ്വാസത്തെപ്രതി സഹനങ്ങളിലും പ്രതിസന്ധികളിലും അകപ്പെട്ടപ്പോഴും അവർക്ക് ആശ്വാസവും ശക്തിയും നൽകിയത് പ്രാർത്ഥനയാണ്.



# സുവിശേഷം പ്രഘോഷിച്ച സമൂഹം

അവരുടെ ജീവിതശൈലിതന്നെ സുവിശേഷപ്രസംഗമായി. സുവിശേഷസന്ദേശം അവരുടെ ചിന്തയിലും മനോഭാവങ്ങളിലും ജീവിതശൈലിയിലും നിറഞ്ഞപ്പോൾ അവരുടെ മാനുഷിക ബന്ധങ്ങൾ സ്നേഹനിർഭരമായി. തൽഫലമായി വിശ്വാസികളുടെ എണ്ണം വർദ്ധിക്കുവാൻ തുടങ്ങി (അപ്പ. 2:47).



# ദൈവവചനം

# വായിക്കാം, ധ്യാനിക്കാം

## (അപ്ര. 4:32-37)



# ഓർമ്മിക്കാൻ ഒരു തിരുവചനം

വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും
ഒരാത്മാവിമായിരുന്നു
(അപ്പ. 4:32).

# നമുക്കു പ്രാർത്ഥിക്കാം

**കർത്താവായ ഈശോയേ, ആദിമക്രൈസ്തവ സമൂഹം സ്നേഹത്തിലും ഐക്യത്തിലും വളർന്നതുപോലെ ഞങ്ങളേയും സ്നേഹത്തിലും ഐക്യത്തിലും വളർത്തണമേ.**

# എന്റെ തീരുമാനം

**ഞാൻ ഉൾപ്പെടുന്ന സംഘടനയിൽ മാസത്തിലൊരിക്കലെങ്കിലും കൂട്ടുകാരുമൊത്ത് ദൈവവചനം വായിച്ച് സന്ദേശം പങ്കുവയ്ക്കും.**

# സഭാപിതാക്കന്മാർ പറയുന്നത്

ഈശോയുമായി സുദൃഢം ബന്ധിതയായ സഭ ദൈവവുമായുള്ള ഉറ്റ ഐക്യത്തിന്റെയും മനുഷ്യവർഗത്തിന്റെയും മുഴുവൻ യോജിപ്പിന്റെയും കൂദാശയാണ്. അങ്ങനെയുള്ള യോജിപ്പിന്റെയും ഐക്യത്തിന്റെയും അടയാളവും ഉപകരണവുമാണ് സഭ (751).

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ദൈവവചനം ശ്രവിക്കുന്നതിൽ ആദിമസഭ വളരെ താല്പര്യം പുലർത്തി.

* തിരുവചനശ്രവണത്തിലൂടെ ഒരു കൂട്ടായ്മയായി തീർന്ന അവർ എല്ലാം പങ്കുവയ്ക്കാൻ തയ്യാറായി.

* സുവിശേഷാധിഷ്ഠിതമായ അവരുടെ ജീവിതം അനേകരെ ക്രിസ്തുമതത്തിലേയ്ക്ക് ആകർഷിച്ചു.



* അപ്പംമുറിക്കൽ ശക്തികേന്ദ്രമാക്കിയ സമൂഹമായിരുന്നു അത്.

* ദിവസം മുഴുവൻ വിശുദ്ധീകരിക്കുവാൻ വിവിധ യാമങ്ങളിൽ അവർ പ്രാർത്ഥിച്ചിരുന്നു.

* വിശ്വാസത്തിന്റെ പേരിൽ ചിതറിക്കപ്പെട്ടപ്പോഴും വചനം പ്രഘോഷിച്ചുകൊണ്ട് അവർ ചുറ്റി സഞ്ചരിച്ചു.

# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* സഭാകൂട്ടായ്മയിൽ നിലനിൽക്കാനുള്ള താല്പര്യം.

* സുവിശേഷാനുസൃതം ജീവിക്കാനുള്ള ശ്രദ്ധ.

# സ്വന്തമാക്കേണ്ട ശീലങ്ങൾ

* എവിടെയും കൂട്ടായ്മയുടെ മനോഭാവം പുലർത്തുന്നു.

* മറ്റുള്ളവരുടെ ആവശ്യങ്ങളിൽ സഹായിക്കുന്നു.




THANK
YOU